# കഴു്

കെ. ജി. എസ്.



കയ്യ്, കെ. ജി. എസ്. കവിതയിൽ
കുഴിച്ചെടുക്കുന്നത്
കെ. ജി. എസ്., എ. പ്രതാപൻ
(മലയാളം: കവിത, കവിതാപഠനം)

© 2021, K. G. S., A. Prathapan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Angelus Novus, a painting by Paul Klee (1879–1940). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കയ്യ്



കയ്യാലിത്തിരി പുരളാതില്ലൊരു നേരും; കണ്ണീ-
രില്ലാതില്ലൊരു കണ്ണും.

ഉറ്റവരെവിടെ?
ഊരെവിടെ? കാണാ-
തായത്ത് സ്വർഗ്ഗം.

തേടാതെങ്ങനെ?
അടയാളങ്ങൾ മറഞ്ഞെന്നാലും?
ആശയിരുണ്ടെന്നാലും?
വരുമാരെങ്കിലുമെന്നൊരു നെഞ്ചിൽ
മിടിപ്പുണ്ടേലോ?

സന്നാഹങ്ങൾ പെരുക്കിയിറങ്ങി.
പലനാൾ മേലും കീഴും പരതി.
മുന്നും പിന്നും പരതി.
അടവും തുറവും പരതി.

ജെ സി ബിത്തൊട്ടിലിലാടി
ഉറ്റവർ ചിലരുണരാതെത്തി.
മേൽപ്പുര കീഴ്പ്പുര പോയൊരു ജന്നൽ
തല വിട്ട് തുറിച്ചൊരു കണ്ണായ്.
അത് കണ്ടതുമൊരു കാറ്റും
പരിചിതമല്ലാ ലോകം.

കിട്ടിയ കീറർത്ഥങ്ങൾ
കയ്പ്പേറും സൂചനകൾ.
നാഗരികാർത്തികൾ പൊന്മുട്ടകൾ
തേടിത്തോണ്ടിയ ഖനികൾ
നാടിൻ കൂട്ട മൂതിക്കുഴിയായി.
ഭാവിയിലേക്ക് കുതിച്ച പദങ്ങൾ
പ്രാചീനതയിൽ ചിന്നിച്ചിതറി.
ഉയരത്തിനൊരുങ്ങിയതെല്ലാം
പാതാളത്തിലടങ്ങിയമർന്നു.

തേടാതെങ്ങനെ, എന്നാലും?

മണ്ണിന്നടിയിൽ, പാറയ്ക്കടിയിൽ,
ചേറ്റുകയത്തിൽ താഴും വാക്കിൽ
എല്ലാറ്റിലുമുള്ള തുടക്കത്തിൽ
എവിടെയുമാഴമൊടുക്കത്തിൽ
എല്ലാറ്റിലുമുള്ള കയത്തിൽ
കരിവെയിലെരിയും മൗനത്തിൽ
കുനിയിരിക്കുന്നുണ്ടാവാം
കാണാതായ മുതിർന്നോർ.

മൂതിയിലുമൊരു കളിമൈതാനം
കണ്ട് കിടാങ്ങൾ
കളിയാടുകയാവാമവിടെ.

തെരയാതെങ്ങനെ?




കൈവരുമെന്ന് തെരഞ്ഞാലും?
മണ്ണിൽത്താഴും രണ്ടോ മൂന്നോ
മുടിയിഴ വിരലിലിഴഞ്ഞാലായി.

തെരയാതെങ്ങനെ, എന്നാലും?

തീയെ തീയിലുരുക്കിയിരുന്നു വിജ്ഞർ
പ്രതിയെ പ്രതിയിലുരുക്കിയിരുന്നു പോലീസ്;
തെളിയാൻ നിഴലില്ലാപ്പൊരുൾ:

ഒച്ചയിലുയരും മൂകത നേരോ?
ചിരിയിലൊലിക്കും കണ്ണീർ നേരോ?
വിരിയലിൽ വിളയും കരിയൽ നേരോ?
നേരോ, കുതികളിലുറയുമനങ്ങായ്ക?
അറിവേക്കാൾ അറിവില്ലായ്കകൾ
വാഴും പുരമോ നമ്മുടെ പ്രജ്ഞ?



ചിത്രങ്ങൾ: വി. ആർ. സന്തോഷ് ('സ്റ്റഡീസ് ഓൺ റോബോട്ടിക് മൻ' എന്ന സീരീസിൽ നിന്ന്).

# കെ. ജി. എസ്. കവിതയിൽ കുഴിച്ചെടുക്കുന്നത്

('കയ്പ്പി'ന്റെ ഒരു വായനാനുഭവം)

—എ. പ്രതാപൻ

ചക്കരപ്പന്തലിൽ തേന്മഴ ചൊരിയുന്ന, പാടാനോർത്ത ആ മധുരിത കാലത്തു നിന്ന് ഓടാതിരിക്കാൻ വയ്യ. ആ പ്രമേഹ ബാധിത ഭൂതകാലത്തിന് പ്രതിവിധിയായി കയ്പുനീരു കുടിച്ചേ മതിയാവൂ. നിങ്ങൾ രാവിലെ ഊതിയാറ്റി കുടിക്കുന്ന ചായ ഞങ്ങളുടെ ചോരയാണ് എന്നാണ് പെട്ടിമുടിയിലെ കുരുതിക്കു ശേഷം മൂന്നാറിലെ ആൺപിളൈ ഒരുമകൾക്കു മുന്നിൽ തോറ്റുപോയ ഗോമതി എന്ന പെൺപിള കേരളത്തോട് പറഞ്ഞത്. നമ്മുടെ ചായക്കോപ്പകളിൽ ഒരു കൊടുങ്കാറ്റും വീശിയില്ല, എങ്കിലും പിന്നീട് ചായ കുടിക്കുമ്പോൾ ഒരു കയ്പ് എന്റെ കൂടെ വന്നു. കയ്ക്കുന്ന പഞ്ചസാര (bitter sugar) എന്ന ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ കരിമ്പിൻ തോട്ടങ്ങളിലെ ഹെയ്ത്തിയൻ തൊഴിലാളികളുടെ ഭീകര ജീവിതത്തെക്കുറിച്ചുള്ള പുസ്തകം പണ്ട് വായിക്കുമ്പോൾ തോന്നിയതു പോലെ കെ. ജി. എസ്സിന്റെ 'കയ്പ്' എന്ന കവിതയിൽ ഞാനതു വീണ്ടും അനുഭവിക്കുന്നു.

ഇത്തിരി കയ്പ് പുരളാത്ത ഒരു നേരുമില്ല, കണ്ണീരില്ലാത്ത കണ്ണു പോലെ എന്നാണ് നേരിന്റെ മുന്നിലെ കെ. ജി. എസ്സിന്റെ കവിതക്കാഴ്ച. ഒരു നിമിഷം കൊണ്ട് അപ്രത്യക്ഷമായ സ്വർഗ്ഗ ഭൂമിയിൽ കളഞ്ഞു പോയ ഊരും ഉറ്റവരും. ആശകൾ അവസാനിക്കുമ്പോഴും ആരെങ്കിലും വരുംവരും എന്ന പ്രതീക്ഷയിൽ മണ്ണിന്നടിയിൽ ഒരു നെഞ്ചിടിപ്പ് ബാക്കി കിടപ്പുണ്ടെങ്കിലോ എന്ന് പിന്നെയും തേടിക്കൊണ്ടിരിക്കുന്നു. ജെസിബിയുടെ തൊട്ടിലിൽ ഇനിയുണരാത്ത നിത്യനിദ്രയിലാണ് തിരിച്ചു വരുന്ന ഉറ്റവർ. മേൽപ്പുരയും കീഴ്പ്പുരയും പോയി തലവിട്ട് തെറിച്ച കണ്ണു പോലെ ഒരു ജനൽ ബാക്കിയായി. നാഗരികതയുടെ ആർത്തികൾ പൊന്മുട്ടകൾ തേടി കുഴിച്ച ഖനികൾ ഒരു നാടിന്റെ മൊത്തം ശവക്കുഴിയായി മാറി.

> "ഭാവിയിലേക്ക് കുതിച്ച പദങ്ങൾ
> പ്രാചീനതയിൽ ചിന്നിച്ചിതറി.
> ഉയരത്തിനൊരുങ്ങിയതെല്ലാം
> പാതാളത്തിലടങ്ങിയമർന്നു."

ഈ വരികൾ വായിച്ചപ്പോൾ ഞാൻ വാൾട്ടർ ബെഞ്ചമിനെ ഓർത്തു. ചരിത്ര ദർശനത്തെക്കുറിച്ചുള്ള തിസീസുകളിൽ ബെഞ്ചമിൻ പോൾ ക്ലീയുടെ ഒരു പെയിന്റിങ്ങിനെക്കുറിച്ചു പറയുന്നു. "താൻ സൂക്ഷ്മമായി ധ്യാനിച്ചു കൊണ്ടിരിക്കുന്ന ഒന്നിൽ നിന്ന് അകലാനൊരുമ്പെടുന്ന ഒരു മാലാഖയുടെ ചിത്രം. തുറിച്ചു നോക്കുന്ന കണ്ണുകൾ, തുറന്ന വായ, വിടർന്ന ചിറകുകൾ. ചരിത്രത്തിന്റെ മാലാഖ ഇങ്ങനെ വരയപ്പെടുന്നു. അതിന്റെ മുഖം ഭൂതത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. സംഭവങ്ങളുടെ പരമ്പരയായി നാം കാണുന്നത് ഒരൊറ്റ ദുരന്തമായി അതിനു കാണാം. ആ ദുരന്തത്തിന്റെ അവശിഷ്ടങ്ങൾ അതിന്റെ കാൽക്കീഴിൽ കുമിഞ്ഞു കൂടിയിരിക്കുന്നു. അവിടെത്തന്നെ തുടരാൻ, മരിച്ചവരെ ഉണർത്താൻ, പൊട്ടിച്ചിതറിയതിനെ ഒരുമിച്ചു ചേർക്കാൻ അത് കൊതിക്കുന്നുണ്ടാവണം. പക്ഷേ, സ്വർഗ്ഗത്തിൽ നിന്ന് വലിയ കൊടുങ്കാറ്റ് വീശുകയാണ്. അതിന്റെ തീവ്രതയിൽ ചിറകുകൾ അടയ്ക്കാനാകുന്നില്ല. താൻ പുറം തിരിഞ്ഞിരിക്കുന്ന ഭാവിയിലേക്ക് ആ കൊടുങ്കാറ്റ് മാലാഖയെ പായിച്ചു കൊണ്ടിരിക്കുന്നു. നാശാവശിഷ്ടങ്ങൾ ആകാശത്തോളം കുന്നുകൂടുന്നു. ആ കൊടുങ്കാറ്റിനെ നമ്മൾ പുരോഗതി എന്നു വിളിക്കുന്നു." പോൾ ക്ലീയുടെ മാലാഖയെ പറപ്പിച്ചു വിട്ട പുരോഗതിയുടെ ആ കൊടുങ്കാറ്റ് കെ. ജി. എസ്. കവിതയിലെ ഈ വരികൾക്കിടയിലൂടെ ചിറകടിച്ചു പോയി.

> "ചേറ്റുകയത്തിൽ താഴുന്ന വാക്കിലും,
> എല്ലാറ്റിലുമുള്ള കയത്തിലും
> മൗനത്തിൽ കുനിയിരിക്കുന്നുണ്ടാവും
> കാണാതായ മുതിർന്നവർ"

എന്നു കഴിഞ്ഞ്

> "മൃതിയിലുമൊരു കളി മൈതാനം
> കണ്ടു കിടാങ്ങൾ
> കളിയാടുകയാവാമവിടെ"

എന്നു വായിക്കുമ്പോൾ നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ മരണത്തെച്ചൊല്ലി ദൈവത്തെ വിചാരണ ചെയ്യുന്ന ഒരു കാരമസോവ് കലഹം തൊണ്ടയെ വീർപ്പു മുട്ടിച്ചു.

> "വിഫലമായ തിരച്ചിലുകൾക്കൊടുവിൽ
> ഒച്ചയില്ലുയരുന്ന മൂകതയുടെ,
> ചിരിയിലൊലിക്കുന്ന കണ്ണീരിന്റെ,
> വിരിയലിൽ വിളയുന്ന കരിയലിന്റെ,
> കുതികളിൽ ഉറയുന്ന അനങ്ങായ്കകളുടെ,
> അറിവിലെ അറിവില്ലായ്മകളുടെ"

ഒക്കെ നേരിൽ കയ്പിനെ തിരഞ്ഞു കൊണ്ടേയിരിക്കുന്നു ഈ കവിത.

ഈ കയ്പ് നമ്മുടെ മധുരങ്ങളിൽ നുരയുന്ന കയ്പു തന്നെ എന്നു കിട്ടിയ കീറർത്ഥങ്ങൾ പറയുന്നു.

ബ്രെഹ്റ്റിന്റെ 'ഹോളിവുഡ് വിലാപഗീതങ്ങ'ളിൽ സ്വർഗ്ഗ മാതൃകയിൽ വിഭാവനം ചെയ്യപ്പെടുന്ന ഹോളിവുഡ് ഗ്രാമത്തെ കുറിച്ച് പറയുന്നു. അന്നാട്ടിലെ ധാരണയനുസരിച്ച് ദൈവത്തിന് സ്വർഗ്ഗവും നരകവും ആവശ്യമാണെങ്കിലും അത് രണ്ടു പ്രത്യേക സ്ഥാപനങ്ങളായി വേണ്ട, ഒന്നു മതി, അത് സ്വർഗ്ഗം തന്നെയാകട്ടെ എന്നാണു തീരുമാനിക്കുന്നത്. ഗതി പിടിക്കാത്ത പരാജിതർക്ക് അതു തന്നെ നരകമായി പ്രവർത്തിച്ചു കൊള്ളും. നമ്മുടെ ഭൂമി ആ ഹോളിവുഡ് ഗ്രാമത്തിന്റെ മാതൃകയിൽ തന്നെയാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. വിജയികളുടെ സ്വർഗ്ഗങ്ങൾ തന്നെ പരാജിതരുടെ നരകങ്ങൾ എന്ന് പുരോഗതിയുടെ ഓരോ കൊടുങ്കാറ്റുകൾക്കു ശേഷവും നമുക്കു മനസ്സിലാക്കാം. സ്വർഗ്ഗദർശനങ്ങൾക്കായി പോകുന്നവർക്ക് സൗജന്യമായി നരകദർശനവും സാദ്ധ്യമാക്കുന്ന ഒന്ന്. നമ്മുടെ മധുരങ്ങളൊക്കെയും അപരനു കയ്പായി മാറുന്ന ഒരു രാസവിദ്യ നമ്മുടെ സാമൂഹികതയിൽ ഉൾച്ചേർന്നിരിക്കുന്നു എന്ന തിരിച്ചറിവ് ഈ കെ. ജി. എസ്. കവിതയിൽ പ്രവർത്തിക്കുന്നു. ഇത് നമ്മുടെ നാഗരികതയുടെ കയ്പാണ്, എളുപ്പം തുപ്പിക്കളയാനാകാത്ത ഒന്ന്.

മണ്ണിന്നടിയിൽ അടക്കം ചെയ്യപ്പെട്ട പൗരാണിക നഗരങ്ങളെന്ന പോലെ, ഓർമ്മയിൽ പുതഞ്ഞു കിടക്കുന്നു നമ്മുടെ അനുഭവങ്ങൾ. മറവു ചെയ്യപ്പെട്ട സ്വന്തം ഭൂതകാലത്തെ സമീപിക്കുന്ന ഒരുവനു കുഴിവെട്ടുകാരനെ പോലെ ആകാതെ വയ്യ. വീണ്ടും വീണ്ടും കിളച്ചു കോരി മറിക്കാതെ വയ്യ (വാൾട്ടർ ബെഞ്ചമിൻ). കവിതയും ഒരു ഖനനമാണ്. കെ. ജി. എസ്സിന്റെ കവിതയിൽ ആ കിളയ്ക്കൽ ചരിത്രത്തിന്റെ മേൽമണ്ണു നീക്കുന്ന ഉദാസീന ക്രിയ അല്ല. ആഴത്തിലാഴത്തിൽ വീണ്ടെടുക്കപ്പെടാനുള്ള മിടിപ്പുകൾ ഇനിയും ബാക്കിയുണ്ടോ എന്ന അവസാനിക്കാത്ത തെരച്ചിലാണത്. വീട്ടുമുറ്റത്തെ കിണറ്റിൽ നിന്ന് മോഹൻജെദാരോവിലെ മരിച്ചവരുടെ മേട്ടിലെ പുഷ്കരത്തോളം എത്തുന്ന ഒന്ന്.

അറിഞ്ഞതിന്റെ വിപരീതങ്ങളെ ആരായുന്ന ഒരു ചരിത്രബോധമായി അത് കെ. ജി. എസ്. കവിതകളിൽ. സാമ്പ്രദായിക പുരോഗമനത്തിന്റെ ഇത്തിരിവട്ട അധോമുഖ വാമനച്ചുവടുകളിൽ നിന്ന് പിന്നോട്ടു പറക്കുന്ന പോൾ ക്ലീയുടെ മാലാഖയുടെ ദുരന്തക്കാഴ്ച ആ കവിതകളെ ഭിന്നമാക്കി. ഒച്ചകളിൽ നിന്ന് നിശ്ശബ്ദതയേയും ജടാധാരികളിൽ നിന്ന് കഷണ്ടിക്കാരനേയും ആ കവിതകൾ അഭിമുഖീകരിച്ചു.

□

## എ. പ്രതാപൻ



എ. പ്രതാപൻ, തൃശ്ശൂർ ജില്ലയിൽ ചൂലിശ്ശേരിയിൽ ജനിച്ചു. ഇപ്പോൾ കണ്ണൂരിൽ താമസിക്കുന്നു. ഭാര്യ: മാലതി നയൻതാര. മകൻ: ഋത്വിക്ക്.

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014